06/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 681*(2)/2020*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **12677/എസ്.ഐ.സി-ജി 6/20**)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ഷിബു ബി.,
ഇമ്മാനുവേൽ ഹൗസ്,
മണത്തോട്ടം, വെള്ളറട പി.ഒ.,
പിൻ - 695 505. } പരാതി ഹർജിക്കാരൻ

**Vs**

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ഗ്രാമപഞ്ചായത്ത്ഓഫീസ്,
വെള്ളറട. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.11.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | - |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 12.11.2020 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 13.11.2020 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ഷിബു ബി., 12.11.2020ന് സമർപ്പിച്ച പരാതി ഹർജി 13.11.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.681(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നും ടിയാന് മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

3. പരാതി ഹർജിക്കാരൻ 04.11.2020ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) വെള്ളറട ഗ്രാമപഞ്ചായത്ത് ട്രാഫിക് റഗുലേറ്ററി കമ്മറ്റി 30.10.2020, 3.00 പി.എം.നും 03.11.2020, 3.00പി.എം. മണിക്കും കൂടിയ യോഗത്തിന്റെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ നോട്ടീസിന്റെ പകർപ്പുകൾ നൽകണമെന്നും

2) നോട്ടീസ് കൊടുത്തിട്ടുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ നൽകണമെന്നും

3) മേൽപ്പടി തീരുമാനങ്ങൾ എന്നു മുതലാണ് നടപ്പിലാക്കുന്നതെന്നും ആയതിന്റെ നടപടി ക്രമങ്ങൾ വിശദീകരിക്കാമോയെന്നുമാണ്.

4. എതിർകക്ഷി 01.01.2021ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ മൗലിക അവകാശത്തിലെ ജീവിത അവകാശവുമായി ബന്ധപ്പെട്ടതാണെന്നും ആയത് വിവരാവകാശ നിയമപ്രകാരം 48 മണിക്കൂറിനുള്ളിൽ ലഭ്യമാക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ ടി അപേക്ഷ വിവരാവകാശ നിയമത്തിലെ വകുപ്പ്/ഉപവകുപ്പ് 7 ഉപവകുപ്പ്(1) പ്രകരം ടിയാന്റെ ജീവനോ സ്വത്തുമായോ ബന്ധപ്പെട്ടതല്ലാത്തതിനാൽ ടി അപേക്ഷയ്ക്കുള്ള മറുപടി 48 മണിക്കൂറിനുള്ളിൽ നൽകേണ്ടതില്ല എന്നു കാണുന്നുവെന്നും ടി അപേക്ഷയുടെ മറുപടി 03.12.2020ന് രജിസ്റ്റേർഡ് തപാലായി അയച്ചു നൽകിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പും ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്. കൂടാതെ അപ്പീൽ അധികാരിയുടെ 24.12.2020ലെ ഉത്തരവു പ്രകാരം അപ്പീൽ തീർപ്പാക്കി ഉത്തരവായിട്ടുള്ളതുമാണെന്നാണ് അറിയിച്ചത്.

5. 02.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക്

നാളിതുവരെ മറുപടി നൽകുകയോ നിരസിച്ചതായി അറിയിക്കുകയോ ചെയ്തിട്ടില്ലെന്നാണ് ഹർജിക്കാരൻ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 3-ാം ഇനമായ ചോദ്യത്തിന് വ്യക്തമായ മറുപടി നൽകാമെന്നും ആദ്യത്തെ ചോദ്യം സംബന്ധിച്ച രേഖകൾ സൗജന്യമായി നൽകാമെന്നുമുള്ള ഉറപ്പിന്മേൽ ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 20-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)